36

# “നീ എന്നെ സ്നേഹിക്കുന്നുവോ?”

## (21:1- 25)

ലിക്വിഡ് പേപ്പർ അമേരിക്കയിൽ ഉള്ള എല്ലാ സെക്രട്ടറിയുടെ മേശപ്പുറത്തും കാണാം. അതു മഷി - പോലെയുള്ള ഒരു ഉല്പന്നമാണ്. അതൊരു കുപ്പിയിലാണ് വരുന്നത്. തെറ്റുതിരുത്തുവാനുള്ള ഒരു ബ്രഷും അതിലുണ്ടാകും. ഒരു പേജിൽ ഒരു അക്ഷരപിശകോ, അല്ലെങ്കിൽ മഷി കട്ട പിടിക്കുകയോ ചെയ്താൽ, ആ ലിക്വിഡ് പേപ്പർ കൊണ്ടു ബ്രഷു ചെയ്തു മായ്ക്കുന്നു, പ്രശ്നം മാറി. നമ്മുടെ തെറ്റുകളുടെ തെളിവു നമ്മുടെ ജീവിതത്തിൽ നിന്നു മായ്ച്ചു കളയുന്ന ലിക്വിഡ് പേപ്പർ ഉള്ളതു നല്ല കാര്യമല്ലേ? നമുക്കെല്ലാവർക്കും അതാവശ്യമാണെന്നതാണ് ദുഃഖകരമായ സത്യം! യോഹന്നാന്റെ സുവിശേഷം അവസാന അദ്ധ്യായം നാം പരാജയപ്പെടുമ്പോൾ, നമ്മുടെ ജീവിതത്തിൽ “ആത്മീയ ലിക്വിഡ് പേപ്പർ” ഉപയോഗിച്ചു പുതുതായി ആരംഭിക്കുവാൻ ഉള്ള വഴി വിവരിക്കുന്നു.

### പശ്ചാത്തലം (21:1-14)

ഉയിർത്തെഴുന്നേറ്റു കുറെ കഴിഞ്ഞു സ്വർഗ്ഗാരോഹണത്തിനു മുൻപു, യേശു വീണ്ടും ശിഷ്യന്മാർക്കു പ്രത്യക്ഷനായി. അവരിൽ ഏഴു പേർ അവരുടെ സ്വന്ത പ്രദേശമായ ഗലീലീ കടൽക്കരയിലേക്കു മടങ്ങിപോയി (തിബാര്യാസ് കടൽ). പത്രൊസ്, തീർച്ചയായും യേശുവിനെ മൂന്നുപ്രാവശ്യം തള്ളിപ്പറഞ്ഞതിനാൽ ആ രാത്രിയിലെ വിചാരണയിൽ പറഞ്ഞു, “ഞാൻ മീൻ പിടിക്കാൻ പോകുന്നു” (21:3) മറ്റുള്ളവരും അവനോടുചേർന്നു രാത്രി മുഴുവൻ വല വീശിയിട്ടും മീനൊന്നും കിട്ടിയില്ല, പ്രഭാതം പൊട്ടിവിടരാറായപ്പോൾ, ഒരാൾ കടൽക്കരയിൽ വന്നു ചോദിച്ചു, “കുഞ്ഞുങ്ങളേ, കൂട്ടുവാൻ വല്ലതും ഉണ്ടോ എന്നു ചോദിച്ചു” (21:5). അതു യേശു എന്നു തിരിച്ചറിയാതെ, അവർ ഉച്ചത്തിൽ പറഞ്ഞു, “ഇല്ല!” (21:5). ആ അപരിചിതൻ അവരോടു വലത്തു ഭാഗത്തു വല വീശുവിൻ എന്നാൽ മീൻ ലഭിക്കും എന്നു പറഞ്ഞു. എന്തു കാരണത്താലായാലും, അവർ ആ അപരിചിതൻ പറഞ്ഞതുപോലെ ചെയ്തു.

അവർ അവരുടെ വല നിറയെ മീൻ ഉണ്ടായിരുന്നതുകൊണ്ടു അവർക്കു വലിപ്പാൻ കഴിഞ്ഞില്ല. ആ സമയത്ത് കടൽതീരത്തു വന്ന അപരിചിതനെ യോഹന്നാൻ തിരിച്ചറിഞ്ഞു, അവൻ പത്രൊസിനോടു, "അതു കർത്താവാകുന്നു" എന്നു പറഞ്ഞു (21:7). പത്രൊസ്, എപ്പോഴും എടുത്തുചാട്ടക്കാരനായിരുന്നു, അവൻ പെട്ടെന്നു, പുറമെ ധരിക്കുന്ന വസ്ത്രം എടുത്തു, ബോട്ടിൽ നിന്നു കടലിലേക്കു ചാടി, നൂറുവാര അകലെയുള്ള കടൽക്കരയിലേക്കു നീന്തി. മറ്റു ശിഷ്യന്മാർ മീൻവല ഇഴെച്ചു കരക്കെത്തിയപ്പോൾ, യേശു അവിടെ തീക്കനൽ വെച്ചു അതിന്മേൽ മീൻ വെച്ചിരിക്കുന്നതും അപ്പവും കണ്ടു. പിന്നെ സംഭവിച്ചതുമായി നോക്കുമ്പോൾ, യോഹന്നാന്റെ സുവിശേഷത്തിൽ യേശുവിനെ പത്രൊസ് തള്ളിപ്പറഞ്ഞതത്രയിലും തീ കായുന്നതായി കാണുന്നുണ്ട് (18:18).

വന്നു പ്രാതൽ കഴിക്കുവാൻ യേശു ശിഷ്യന്മാരോടു പറയുകയും, അവർ അങ്ങനെ ചെയ്യുകയും ചെയ്തു. ഭക്ഷണം ഒരുപക്ഷെ ശ്രദ്ധിക്കാതെ, ഭക്ഷിച്ചപ്പോൾ അവർക്കു അസുഖകരമായ നിശബ്ദത അനുഭവപ്പെട്ടു. മരിച്ച ഒരാൾ ജീവിതത്തിലേക്കു തിരിച്ചുവന്നാൽ നിങ്ങൾ എന്തുചെയ്യും? ദൈവപുത്രൻ നിങ്ങൾക്കു പ്രാതൽ കഴിപ്പാൻ തരുമ്പോൾ എന്താണ് പ്രധാനമായും സംസാരിക്കുക?

### ഏറ്റുമുട്ടൽ (21:15)

ശിഷ്യന്മാർ പ്രാതൽ കഴിച്ചശേഷം, യേശു പത്രൊസിനു നേരെ തിരിഞ്ഞു, പത്രൊസ് ഏറ്റവും ഭയപ്പെട്ടതും ഏറ്റവുമധികം കേൾക്കേണ്ടതുമായ ചോദ്യം ചോദിച്ചു: "യോഹന്നാന്റെ മകനായ ശിമോനേ, നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ?" (21:15). ആ നിസ്സാരചോദ്യത്തിലൂടെ പത്രൊസിന്റെ പാപത്തെ അവൻ പുറത്തുകൊണ്ടുവരികയും, പത്രൊസിന്റെ ആത്മാവു മുറിപ്പെടാവുന്ന ഭീഷണിയുടെ മുറിവു വെളിപ്പെടുകയും ചെയ്തു. പത്രൊസിന്റെ പാപത്തെ നേരിട്ടു ഏറ്റുമുട്ടുകയോ, മാനസാന്തരപ്പെടുകയോ, പാപം മോചിക്കപ്പെടുകയോ ചെയ്തില്ലെങ്കിൽ, അവന്റെ ശേഷിച്ച ജീവിതം - കയ്പേറിയതും മറ്റു ഗലീലിയ മുക്കുവരെ പോലെ ഹൃദയം നുറുങ്ങികഴിയുമായിരുന്നു. യേശു അവനെ അത്രമാത്രം സ്നേഹിച്ചതുകൊണ്ടു അവനെ മാനസ്സാന്തരപ്പെടുവാൻ അനുവദിച്ചു.

നമ്മുടെ പാപത്തെ മറക്കുകയും കുറ്റബോധത്തെ തള്ളിക്കളയുകയും ചെയ്യുന്നതു എത്ര അസാധാരണമാണ്. അതു ആളുകൾ എപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നു, എങ്കിലും അതു ആർക്കും ഒരു ഗുണവും ചെയ്തിട്ടില്ല. പാപത്തിൽ ഒഴിഞ്ഞുമാറാതെ, നാം പാപം നമ്മിൽ ഇല്ലെന്നു നടിച്ചാൽ പാപം നമ്മിൽ അധികം ശക്തി പ്രാപിക്കുവാൻ അനുവദിക്കയായിരിക്കും ചെയ്യുന്നത്.

വാൾട്ട് ഡിസ്നിയുടെ സിനിമയായ *ദ ലയൺ കിങ്* കുറ്റത്തിന്റെയും ലജ്ജയുടെയും പാഠം വ്യക്തമാക്കുന്നുണ്ട്. അതു സിംബാ എന്ന് പേരുള്ള ഒരു യുവ സിംഹത്തിന്റെയും, വന്യമൃഗങ്ങളുടെ ചവുട്ടേറ്റുമരണപ്പെട്ട അവന്റെ അപ്പന്റേയും കഥയാണ്. സിംബായുടെ ദുഷ്ട

നായ അമ്മാവൻ, ഭീരുവായിരുന്ന സ്കാർ ആയിരുന്നു, അയാൾ അടുത്ത രാജസ്ഥാനം മോഹിച്ചു, എന്നാൽ ആ യുവസിംഹമായ സിംബാ അപ്രത്യക്ഷമായാലേ അതു നടക്കുകയുള്ളൂ. മറഞ്ഞ പാപത്തിന്റെ ശക്തി അറിയാവുന്ന സ്ക്കാർ, ആദ്യം അവന്റെ അനന്തരവനാണ്, അവന്റെ അപ്പന്റെ മരണത്തിനുത്തരവാദി എന്നു വരുത്തിത്തീർത്തുകൊണ്ടു അവൻ സിംബായോടു ചോദിച്ചു, "നീ എന്താണ് ചെയ്തത്? നിന്റെ അമ്മ എന്തു വിചാരിക്കും?" അതിനു സിംബാ, ഞാൻ എന്താണ് ചെയ്യേണ്ടതു എന്നു ചോദിച്ചു, സ്ക്കാർ പറയുന്നു "ഓടിപൊയ്ക്കൊൾക!" – അവൻ അതനുസരിച്ചു ഓടുകയും ചെയ്തു.

വർഷങ്ങളോളം കുറ്റത്തിൽനിന്നു ഓടി ഒളിച്ചശേഷം, സിംബാ വീട്ടിലേക്കു മടങ്ങിപോകുവാൻ ധൈര്യം സംഭരിച്ചു. തന്റെ ഭൂതകാലത്തെ നേരിടുവാൻ തീരുമാനിച്ചു. ഒരിക്കൽ അവൻ അവിടെ എത്തിയപ്പോൾ, അവനു തന്റെ കുടുംബത്തെയും തന്റെ അപ്പന്റെ രാജ്യത്തേയും യഥാസ്ഥാനപ്പെടുത്തുവാൻ കഴിഞ്ഞു.

സ്ക്കാറിനു സിംബായെ അവന്റെ കുറ്റത്തിൽ ഓടി നടക്കുവാൻ അനുവദിച്ച കാലത്തോളം, ആ യുവ സിംഹത്തിൽ അവനു നിയന്ത്രണം ഉണ്ടായിരുന്നു. സിംബായ്ക്കു സത്യത്തെ നേരിട്ടപ്പോഴാണ് സ്വാതന്ത്ര്യം കാണാൻ കഴിഞ്ഞത് (8:32).

നഥാനിയേൽ ഹാവ്ത്രോണിന്റെ നോവൽ *ദ സ്ക്കാർലെറ്റ് ലെറ്റർ* എന്നതിന്റേയും വിഷയം മറഞ്ഞുകിടക്കുന്ന പാപം ആയിരുന്നു. പൂരിട്ടൻ ന്യൂ ഇംഗ്ലണ്ടാണ് പശ്ചാത്തലം, തന്റെ ഭർത്താവിന്റെ അസാന്നിധ്യത്തിൽ ഗർഭിണിയായ ഹെസ്റ്റെർ പ്രിൻ എന്ന സ്ത്രീയുടെ കഥയാണത്. അവളുടെ തെറ്റിനുള്ള അപമാനവും ശിക്ഷക്കുമായി സമൂഹം അവളെ വിചാരണ ചെയ്തു. കുട്ടിയുടെ അപ്പൻ ആരെന്നു പറയുവാൻ ഗ്രാമത്തിലെ മൂപ്പന്മാർ ഹെസ്റ്റെറിനെ നിർബന്ധിച്ചെങ്കിലും, അവൾ അതിനു തയ്യാറായില്ല. അവൾക്കു വിധിച്ച ശിക്ഷ, അവൾ പുറത്തു പോകുമ്പോഴൊക്കെ ഒരു സ്കാർലെറ്റ് ലെറ്റർ "എ" (വ്യഭിചാരത്തിന്റെ അക്ഷരം) എന്നു അവളുടെ വസ്ത്രത്തിനു മുന്നിൽ തുന്നിപ്പിടിപ്പിച്ചു നടക്കണം. ആദ്യം അവൾ അതു ധരിക്കേണ്ടിവന്നപ്പോൾ പരസ്യമായി ആളുകളെ ടൗണിന്റെ മദ്ധ്യേ തൂക്കിലേറ്റുന്ന സ്ഥലത്തു മണിക്കൂറുകളോളം നില്ക്കേണ്ടിവന്നു. അതു തികച്ചും വേദനാജനകമായ ശിക്ഷയായിരുന്നു, എന്നിട്ടും അവൾ തന്റെ ശിക്ഷ സ്വീകരിച്ചു.

ആ കഥയിലെ മറ്റൊരു കഥാപാത്രമായിരുന്നു റോജർ ഡിമ്മെസ്ഡെയിൽ. എല്ലാവരാലും സ്നേഹിക്കപ്പെടുകയും ബഹുമാനിക്കപ്പെടുകയും ചെയ്തിരുന്ന ഡിമ്മെസ്ഡെയിലിനു വേദനയുള്ള ഒരു ഭയമുളവാക്കുന്ന ഒരു രഹസ്യം ഉണ്ടായിരുന്നു: ഹെസ്റ്റെറിന്റെ കുട്ടിയുടെ പിതാവായിരുന്നു അയാൾ. കഥ പുരോഗമിക്കുമ്പോൾ, ഡിമ്മെസ് ഡെയിൽ പല രീതിയിൽ തന്റെ കുറ്റത്തിൽ നിന്നു ഒഴിഞ്ഞു മാറുവാൻ ശ്രമിക്കുന്നുണ്ട്. അയാൾ ബൈബിൾ പഠിപ്പിക്കുകയും തുടർച്ചയായി പ്രാർത്ഥിക്കുകയും ചെയ്തതോടൊപ്പം തന്റെ പാപത്തിനുള്ള ശിക്ഷയായി ചാട്ടവാറുകൊണ്ടു തന്റെ ശരീരത്തിലടിച്ചു ദണ്ഡിപ്പിക്കയും ചെയ്തു. എങ്ങനെയായാലും, അവയൊന്നും അവനു ഒരു ഗുണവും ചെയ്തില്ല,

അവന്റെ ശരീരം ക്ഷീണിച്ചുകൊണ്ടിരുന്നു. ഈ കഥയിലെ രണ്ടു കഥാപാത്രങ്ങളിൽ ഒരാളായ ഹെസ്റ്റെർ നേരെ വളർന്നു ശക്തയായി; ഡിമ്മെസ്ഡെയിൽ ആരംഭത്തിൽ ടൗണിലെ ഏറ്റവും ആദരണീയ വ്യക്തിയായി തുടങ്ങുന്നു, എന്നാൽ ക്രമേണ ബലഹീനനായി അവസാനം ആത്മീയ അർബ്ബുദം അവന്റെ ആത്മാവിനെ നശിപ്പിച്ചുകൊണ്ടിരുന്നു.

ഹാവ്ത്രോണിന്റെ കഥയിലെ ഒരു അസാധാരണ കഥാപാത്രമായിരുന്നു റോജെർ ചില്ലിംഗ്‌വർത്ത്. ടൗണിലുള്ള ആളുകൾ അറിഞ്ഞിരുന്നില്ലെങ്കിലും, ഹെസ്റ്റെറിന്റെ പിണങ്ങിയ ഭർത്താവ് അവനായിരുന്നു. അവൻ തന്റെ വ്യക്തിപരമായ ശുശ്രൂഷയ്ക്കിടയിൽ ഹെസ്റ്റെറിന്റെ വ്യഭിചാരകുറ്റത്തിൽ പങ്കാളിയായതിന്റെ ശിക്ഷ അവൻ എടുക്കുന്നു. പെട്ടെന്ന് ഉപദേഷ്ടാവാണ് കുറ്റവാളിയെന്നു തിരിച്ചറിയുന്നു. ചില്ലംഗ് വർത്ത് അവനെ "ഒറ്റപ്പെടുത്തുകയും" അവന്റെ രഹസ്യം മറച്ചുവയ്ക്കുവാൻ പിടികൊടുക്കാത്ത പല വഴികളും അവനെ പ്രോത്സാഹിപ്പിച്ചു.

അവസാനം, പുസ്തകത്തിന്റെ അവസാന മൂർദ്ധന്യാവസ്ഥയിൽ, ഡിമ്മെസ് ഡെയിൽ തന്റെ ജീവിതത്തിലെ ഏറ്റവും ശക്തമായ പ്രസംഗം നടത്തി. ഇടവകയിലെ അംഗങ്ങളെല്ലാം സഭാമന്ദിരത്തിൽനിന്ന് പുറത്തുപോയി ടൗണിൽക്കൂടെ ഒരുമിച്ച് നടന്നുനീങ്ങി, അവർ ഹെസ്റ്റെറിനെ വർഷങ്ങളോളം "എ" എന്ന അക്ഷരവുമായി നിർത്തിയിരുന്ന സ്ഥലത്തുകൂടെയാണ് കടന്നുപോയത്. എല്ലാവരേയും അതിശയിപ്പിച്ചുകൊണ്ട്, ഡിമ്മെസ് ഡെയിൽ ആ ലജ്ജാകരമായ സ്ഥാനത്തുനിന്ന്, എല്ലാ ധൈര്യവും ശക്തിയും സംഹരിച്ചുകൊണ്ട് തന്റെ ബലഹീനമായ ശരീരത്തോടുകൂടി, ഹെസ്റ്റെറിനേയും അവളുടെ മകനേയും അരികിലേക്കുവിളിച്ചു. ചില്ലിംഗ് വർത്ത് അവനോടു നിൽക്കുവാൻ യാചിച്ചു. അപ്പോഴും അതു രഹസ്യമായി തന്നെ വയ്ക്കാമെന്ന് ഉറപ്പിച്ചുപറഞ്ഞു.

ഈ സമയത്ത്, എങ്ങനെയായാലും ഡിമ്മെസ് ഡെയിൽ തിരിച്ചറിഞ്ഞത് ചില്ലിംഗ് വർത്ത് പിശാചിന്റെ ദാസനാണ്, അതുകൊണ്ട് അവനെ തള്ളിമാറ്റി. പിന്നെ അവനും ഹെസ്റ്റെറും അവരുടെ കുട്ടിയും ആ തൂക്കുമരത്തിനരികിലേക്കു നടന്നു, അവസാനം ഉപദേഷ്ടാവ് തന്റെ പാപത്തെ സംബന്ധിച്ച് സത്യസന്ധനായി. തന്റെ പാപത്തിൽ നിന്ന് ഒഴിഞ്ഞുമാറുവാനുള്ള ഏകവഴി ആ തൂക്കുമരത്തിനരികിൽ ഏറ്റുപറച്ചിലും മാനസാന്തരവും മൂലമാണെന്ന് താൻ തിരിച്ചറിഞ്ഞതായി ചില്ലിംഗ് വർത്ത് ഡിമ്മസ് ഡെയിലിനോടു പറഞ്ഞു!

ഇത്രയും കാലം ഡിമ്മസ് ഡെയിൽ തന്റെ പാപം പുറത്തുകൊണ്ടുവരുവാനാണ് ഭയപ്പെട്ടത്. പ്രത്യേകിച്ച് തനിക്കവസാനം സ്വാതന്ത്ര്യം കണ്ടെത്തുവാൻ കഴിഞ്ഞത് അത് ഏറ്റുപറഞ്ഞപ്പോഴായിരുന്നു.

ആത്മാവിനെ – മുടന്തുവാൻ പ്രേരകശക്തിയുള്ള പാപത്തിൽനിന്ന് സ്വാതന്ത്ര്യം കണ്ടെത്തുവാനും പാപത്തെ നേരിടുവാനും അതേ അനുഭവം സങ്കീർത്തനം 32 വിവരിക്കുന്നു:

> ഞാൻ മിണ്ടാതെയിരുന്നപ്പോൾ നിത്യമായ ഞരക്കുത്താൽ
> എന്റെ അസ്ഥികൾ ക്ഷയിച്ചുപോയി;

രാവും പകലും നിന്റെ കൈ എന്റെമേൽ ഭാരമായിരുന്നു;
എന്റെ മജ്ജ വേനല്ക്കാലത്തിലെ ഉഷ്ണത്താൽ
എന്നപോലെ വറ്റിപ്പോയി.
ഞാൻ എന്റെ പാപം നിന്നോടറിയിച്ചു;
എന്റെ അകൃത്യം മറെച്ചതുമില്ല;
"എന്റെ ലംഘനങ്ങളെ യഹോവയോടു ഏറ്റു പറയും," എന്നുഞാൻ പറ
ഞ്ഞു;
അപ്പോൾ നീ എന്റെ പാപത്തിന്റെ കുറ്റം ക്ഷമിച്ചുതന്നു (വാകങ്ങൾ 3-5).

തന്നെ സ്നേഹിക്കുന്നുണ്ടോ എന്ന് യേശു പത്രൊസിനോടു ചോദിച്ചപ്പോൾ, യേശുവിനെ പിടിക്കുന്നതിനുമുൻപ് അവനുണ്ടായിരുന്ന പ്രശംസ അവന്റെ വിചാരണയിൽ യേശുവിനെ തള്ളിപ്പറഞ്ഞ വേദനാജനകമായ സംഭവത്തെ യേശുപുറത്തുകൊണ്ടുവന്നു. ഈ പ്രയാസമുള്ള വിഷയം ഒഴിവാക്കുന്നത് എളുപ്പമായിരുന്നു, എന്നാൽ പത്രൊസിന് അങ്ങനെ ചെയ്യുവാൻ താല്പര്യം ഇല്ലായിരുന്നു. രഹസ്യപാപം നാശകരമാണ്, അതുകൊണ്ട് പത്രൊസിന്റെ പാപത്തെ യേശു പുറത്തുകൊണ്ടുവരികയും അതിനെ പരസ്യമായി നേരിടുകയും ചെയ്തു.

### പുനരേകീകരണം (21:15-17)

തന്നെ സ്നേഹിക്കുന്നുവോ എന്ന് പത്രൊസിനോട് യേശു മൂന്നു പ്രാവശ്യം ചോദിച്ചു. അവൻ കർത്താവിനെ മൂന്നുപ്രാവശ്യം തള്ളിപ്പറഞ്ഞതുപോലെ മൂന്നുപ്രാവശ്യം യേശുവിനെ ഏറ്റുപറയുവാനുള്ള സാഹചര്യം ആയിരിക്കാം ഒരുപക്ഷെ യേശു അവനു കൊടുത്തത്. രണ്ടുപ്രാവശ്യം യേശു ഈ ചോദ്യം ചോദിച്ചപ്പോൾ, അവൻ ഉപയോഗിച്ച ഗ്രീക്ക് വാക്ക് *അഗാപേ* എന്നായിരുന്നു, അർത്ഥം "ദൈവത്തിന്റെ സ്നേഹം."[1] പത്രൊസ് ആ രണ്ടുപ്രാവശ്യവും പ്രതികരിക്കുവാൻ ഉപയോഗിച്ച ഗ്രീക്കുവാക്ക് *ഫിലെയോ*, അർത്ഥം "സൗഹൃദ സ്നേഹം." യേശു അവസാനം ചോദിക്കുവാൻ ഉപയോഗിച്ച വാക്ക് *ഫിലെയോ* എന്നായിരുന്നു, പത്രൊസ് അതിനു - മറുപടിയായി ഉപയോഗിച്ചത് അതേ വാക്കായിരുന്നു. *അഗാപേ* എന്നത് ഉയർന്ന നിലവാരമുള്ള സ്നേഹമാണ്, എന്നാൽ യേശു പറഞ്ഞത് ദൈവം *ഫിലിയോ* സ്നേഹവും സ്വീകരിക്കുന്നു എന്നാണ്, ആ സമയത്ത് പത്രൊസിന് ദൈവത്തിന് നൽകാവുന്ന ആ സ്നേഹം മാത്രമായിരുന്നു (ഒരുപക്ഷെ പത്രൊസിന് തന്നിൽ കുറച്ചുമാത്രമേ വിശ്വാസം ഉണ്ടായിരുന്നുള്ളൂ എന്നുവന്നേക്കാം).

പാപത്തിൽനിന്ന് പുനരേകീകരണത്തിലേക്കുള്ള വഴി മനസ്സിലാക്കുന്നതിൽ നാം യേശു ചോദിച്ച ചോദ്യം ശ്രദ്ധിക്കണം: "നീ എന്നെ സ്നേഹിക്കുന്നുവോ?" നാം പാപത്തിൽ വീണാൽ, നാം മറ്റുപല ചോദ്യങ്ങൾക്കും ഇരയാവും അത് യഥാർത്ഥ ചോദ്യത്തിൽ നിന്ന് നമ്മെ വേർതിരിക്കുന്ന മറ്റു ചോദ്യങ്ങളായിരിക്കും. നാം ചോദിക്കുക, "അത് എന്റെ തെറ്റ് ആയിരുന്നോ?"; "എന്റെ പാപം മറ്റുള്ളവരുടേതിനേക്കാൾ മോശമാണോ?"; "എന്റെ പാപം എന്തുനാശമാണ് വരുത്തിയത്?"; "മറ്റു

ള്ളവർ എന്നെ തിരിച്ചുസ്വീകരിക്കുമോ?"; "ഇതുചെയ്യുവാൻ എന്നെ പ്രേരിപ്പിച്ചത് എന്താണ്?" ഇങ്ങനെ ചോദ്യങ്ങൾ ധാരാളം തുടരാം. പത്രൊസിന് പുനരേകീകരിക്കുന്നതിന്, അവൻ ദൈവത്തിലേക്ക് അടുക്കേണ്ട സുപ്രധാനമായ ചോദ്യം "നീ എന്നെ സ്നേഹിക്കുന്നുവോ?" എന്നതായിരുന്നു.

യേശുവിന്റെ ഈ ചോദ്യത്തിന് പത്രൊസ് ഓരോ സമയത്തും മറുപടി പറഞ്ഞപ്പോൾ, യേശു അവന് ഒരു ദൗത്യം കൊടുത്തു. അവൻ പറഞ്ഞു, "എന്റെ ആടുകളെ മേയ്ക്ക" (21:15), "എന്റെ ആടുകളെ പാലിക്ക" (21:16), "എന്റെ ആടുകളെ മേയ്ക്ക" (21:17). അവൻ പത്രൊസിനോട് ക്ഷമിച്ചത് ഭാഗികമായിരുന്നില്ല; പത്രൊസ് തന്റെ പാപത്തിനപ്പുറം കടക്കുകയും ഒരിക്കൽകൂടെ അവൻ യേശുവിന്റെ അപ്പൊസ്തലസ്ഥാനത്ത് എത്തുകയും ചെയ്യേണ്ടിയിരുന്നു. നാം ഇന്ന് നമ്മുടെ പാപങ്ങളിൽനിന്ന് തിരിച്ചുവരുമ്പോൾ, യേശു അതുതന്നെ ചെയ്യണമെന്നാഗ്രഹിക്കുന്നു - തന്റെ രാജ്യത്തിലേക്ക് മടങ്ങിവന്ന് അവന്റെ വേല ചെയ്യണം!

### ക്ഷണം (21:19)

യേശു വന്ന് അവസാനം പത്രൊസിനെ പുനരേകീകരിക്കുന്ന വാക്കുകളാണ് "എന്നെ അനുഗമിക്ക!" (21:19). യേശു തന്റെ ഭൗമിക ശുശ്രൂഷയിൽ ആരംഭസമയത്ത് തന്റെ ശിഷ്യന്മാരെ വിളിച്ച് ഈ വാക്കുകൾ പറഞ്ഞിരുന്നു, അതേ വാക്കുകൾ കടൽക്കരയിൽവച്ച് യേശു പത്രൊസിനെ കണ്ടപ്പോൾ പറയുന്നു "എന്നെ അനുഗമിക്ക!" അത് എല്ലാ ശിഷ്യന്മാരെ സംബന്ധിച്ചും, നമ്മെ സംബന്ധിച്ചും, ചെയ്യേണ്ടതാണ്. "എന്നെ അനുഗമിക്ക!" എന്നത് ഒരു വളർച്ചയുടെ പടിയായി പറയുന്നതല്ല; അതൊരു ദിശ ചൂണ്ടികാണിക്കുകയാണ്. അത് നമ്മുടെ കഴിഞ്ഞകാല ജീവിതവുമായി ബന്ധമില്ല അല്ലെങ്കിൽ മറ്റുള്ള ശിഷ്യന്മാരുമായി താരതമ്യം ചെയ്യുന്നുമില്ല. അത് ബലഹീനതയെ പ്രത്യേകമാക്കുന്നില്ല, യൗവ്വനക്കാരെയോ അല്ലെങ്കിൽ അപക്വമായവരെയോ മാറ്റിനിർത്തുന്നില്ല. അവനോ അവളോ എവിടെയായിരുന്നാലും യേശു ചൂണ്ടുന്ന ദിശയിലേക്ക് നടക്കണം. പത്രൊസ് ദീർഘദൂരം വന്നിരുന്നു, എന്നാൽ അവൻ വീണു ബഹുദൂരം പോയിരുന്നു. അവന്റെ വിജയത്തിനും ദുഃഖത്തിലും യേശുവിന്റെ വിളി പത്രൊസിന് ഒന്നുതന്നെയായിരുന്നു: "എന്നെ അനുഗമിക്ക!" ഈ നേരിട്ടുള്ള കൽപ്പനയാണ് യേശു ഇന്നും നൽകുന്നത്.

### ഉപസംഹാരം

നിങ്ങൾ ക്രിസ്ത്യാനിയായി തീർന്നിട്ടില്ലെങ്കിൽ വഴി നിസ്സാരവും വ്യക്തവുമാണ്. ബൈബിൾ പറയുന്നതുപോലെ അതുതുടങ്ങുന്നത് "വിശ്വാസം" അല്ലെങ്കിൽ "ആശ്രയ" ത്താലാണ്.[2] വിശ്വാസത്തിൽ യേശുവിൽ ആശ്രയിക്കലും അവന്റെ ഇഷ്ടത്തിന് കീഴ്പ്പെടലും ഉൾപ്പെടുന്നു. വിശ്വാസം മാനസ്സാന്തരപ്പെടുന്നതിലൂടെയും (പാപത്തിൽനിന്ന് വേർപെട്ട് ദൈവത്തിലേക്ക് തിരിയുന്ന തീരുമാനമാണ്)[3] യേശു

"കർത്താവ്" എന്നു ഏറ്റുപറയുന്നതിലൂടെയും പ്രകടിപ്പിക്കുന്നു.[4] ഈ ഓർമ്മിക്കുന്ന യേശുവിനെ അനുഗമിക്കുവാനുള്ള തീരുമാനം പിന്നെ മുദ്രയിടുകയും സ്നാനം എന്ന മനോഹരമായ പ്രവൃത്തിയിലൂടെ പ്രകടിപ്പിക്കുകയും ചെയ്യുന്നു.[5]

നമ്മുടെ ഹൃദയങ്ങളിൽ വിശ്വാസമുണ്ടാകേണ്ടതിനാണ് യോഹന്നാൻ ഈ സുവിശേഷം എഴുതിയത് (20:30, 31). ആ ഉദ്ദേശം നമ്മുടെ ജീവിതത്തിൽ ഫലപ്രദമായിട്ടുണ്ടോ? നിങ്ങൾ യേശുവിൽ വിശ്വസിക്കുന്നുവോ? നിങ്ങൾ ഒരു ക്രിസ്ത്യാനിയായി തീർന്നിട്ടുണ്ടോ? ഈ യാത്രയിൽ നിങ്ങളുടെ വിശ്വാസം ബലപ്പെട്ടിട്ടുണ്ടോ? അങ്ങനെയെങ്കിൽ, യേശു തീർച്ചയായും സന്തോഷിക്കയും "അവന്റെ നാമത്തിൽ നമുക്ക് ജീവൻ ഉണ്ടാവുകയും" ചെയ്യും.

---

കുറിപ്പുകൾ

[1]1കൊരിന്ത്യർ 13:4–7 *അഗാപേ* എന്നതിന്റെ മനോഹരമായ വിവരണമാണ്. [2]യോഹന്നാൻ 3:16; മർക്കൊസ് 16:16; പ്രവൃത്തികൾ 16:31–34. [3]മത്തായി 4:17; ലൂക്കൊസ് 13:3; പ്രവൃത്തികൾ 2:38; 17:30. [4]യോഹന്നാൻ 20:28; മത്തായി 10:32; റോമർ 10:9, 10. [5]യോഹന്നാൻ 4:1; പ്രവൃത്തികൾ 2:38; 8:38; റോമർ 6:4–6; ഗലാത്യർ 3:27; കൊലൊസ്യർ 2:12.

© 2009 Truth for Today